# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4972 01.07.2013-ൽ മറുപടി

### കള്ളനോട്ട് മാഫിയക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കള്ളനോട്ട് മാഫിയ വൻതോതിൽ കറൻസികൾ അച്ചടിച്ച് സംസ്ഥാനത്തിന് അകത്തും പുറത്തും വിതരണം ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കള്ളനോട്ട് മാഫിയ വൻതോതിൽ കറൻസികൾ അച്ചടിച്ച് സംസ്ഥാനത്തിന് അകത്തും പുറത്തും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സംസ്ഥാനത്ത് കള്ളനോട്ട് നിർമ്മിക്കുകയോ വിതരണം ചെയ്യുകയോ ആയ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ആയത് തടയുവാൻ ശക്തമായ റെയിഡും മറ്റ് നടപടിയും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) കള്ളനോട്ടിന്റെ നിർമ്മാണവും വിതരണവും തടയുവാൻ ശക്തമായ റെയിഡും സംശയമുള്ള വ്യക്തികളെ നിരീക്ഷിച്ചും കുറ്റക്കാരായി കാണുന്ന വർക്കെതിരെ കർശന നിയമ നടപടികളും സ്വീകരിച്ച് വരുന്നു. |
| സി) ഈ വിഷയത്തിൽ പ്രത്യേക പരിശീലനം നേടിയ പോലീസ് സേനാവിഭാഗമുണ്ടോ ; | (സി) കള്ളനോട്ട് കേസുകൾ രജിസ്റ്റർ ചെയ്താൽ ഉടൻ ക്രൈംബ്രാഞ്ച് OCW യൂണിറ്റുകൾ ഇത്തരം കേസുകളുടെ അന്വേഷണം നടത്തി വരുന്നു. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് റിസർവ്വ് ബാങ്ക് നടത്തുന്ന വിവിധ തരം പരിശീലന പരിപാടികളിൽ ഈ യൂണിറ്റിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് വരുന്നു. |
| ഡി) സാമ്പത്തിക രംഗത്ത് കള്ളനോട്ട് വ്യവസായത്തിന്റെ പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ വ്യക്തമാക്കുമോ ; | (ഡി) ഉണ്ട്. കള്ളനോട്ട് വ്യാപനം ഒരു രാജ്യത്തിന്റെ സാമ്പത്തിക അടിത്തറയെ നശിപ്പിച്ച് സാമ്പത്തിക അരാജകത്വം സൃഷ്ടിക്കുമെന്ന് മനസിലാക്കുന്നുണ്ട്. |
| ഇ) കഴിഞ്ഞ അഞ്ചു വർഷക്കാലങ്ങളിൽ എത്ര കള്ളനോട്ടുകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; | (ഇ) കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ ക്രൈംബ്രാഞ്ച് വിഭാഗം 311 കള്ളനോട്ട് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |

| | |
|---|---|
| എഫ്) പ്രതികൾ ശിക്ഷിക്കപ്പെട്ട സംഭവങ്ങൾ എത്രയാണ് എന്ന് വ്യക്തമാക്കാമോ ? | (എഫ്) മേൽപ്പറയുന്ന കാലയളവിൽ 11 കേസുകളിന്മേൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ